"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.പി.വി.ഉണ്ണിക്കൃഷ്ണൻ- കോഴിക്കോട് കോർപ്പറേഷൻ - മേയറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.728/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/04/2020

---

പരാമർശം:- 1 ശ്രീ.പി.വി.ഉണ്ണിക്കൃഷ്ണന്റെ 13.01.2020 തീയതിയിലെ അപേക്ഷ.

2 നഗരകാര്യ ഡയറക്ടറുടെ 19.02.2020 തീയതിയിലെ ഇ6-1651/2020 നമ്പർ കത്ത്.

**ഉത്തരവ്**

വടകര നഗരസഭയിൽ റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പി.വി.ഉണ്ണിക്കൃഷ്ണനെ കോഴിക്കോട് കോർപ്പറേഷൻ മേയറുടെ പേഴ്സണൽ അസിസ്റ്റന്റായി നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

2. അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെൻറിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ വിലക്ക് ഏർപ്പെടുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്** :-

മേയർ, കോഴിക്കോട് നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.പി.വി.ഉണ്ണിക്കൃഷ്ണൻ, റവന്യൂ ഓഫീസർ ഗ്രേഡ് II, വടകര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ